# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5874      28.03.2018 - ൽ മറുപടിക്ക്

**ഹോമിയോ വിഭാഗത്തിലെ നഴ്സുമാരുടെ ജോലിസമയ ക്രമീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരിനാഥൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിൽ അലോപ്പതി, ആയുർവ്വേദ ഹോമിയോപ്പതി വിഭാഗങ്ങളിലെ നഴ്സുമാരുടെ ജോലിയുടെ സമയ ക്രമീകരണം എങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇവിടെ എത്ര ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിൽ ഉള്ളത്; വിശദമാക്കുമോ; | എ) | ആരോഗ്യ വകുപ്പിന് കീഴിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള മേജർ ആശുപത്രികളിൽ രാവിലെ 7.30 മുതൽ ഉച്ചക്ക് 1.30 വരെയും ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 7.30 വരെയും, രാത്രി ഡ്യൂട്ടി വൈകിട്ട് 7.30 മുതൽ രാവിലെ 7.30 വരെയും ആയി ഡ്യൂട്ടി സമയം നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മൂന്ന് ഷിഫ്റ്റ് ഇല്ലാത്ത ആശുപത്രികളിൽ (2 ഷിഫ്റ്റ്) രാവിലെ 8 മുതൽ വൈകിട്ട് 6 മണിവരെയും വൈകിട്ട് 6 മണി മുതൽ രാവിലെ 8 മണിവരെയും ആയി ക്രമീകരിച്ചിരിക്കുന്നു. രാവിലെ മുതൽ ഒരു മണിവരെ എല്ലാവരും ഒന്നിച്ച് ഡ്യൂട്ടി എടുക്കണം. അതിനുശേഷം ഉച്ചകഴിഞ്ഞുള്ള ഡ്യൂട്ടിയിൽ 1 മണി മുതൽ 4 മണിവരെയും 4 മണി മുതൽ വൈകിട്ട് 6 മണിവരെയും ജോലി സമയം ക്രമീകരിച്ച് എടുക്കുകയാണ് ചെയ്യുന്നത്. പകൽ ഡ്യൂട്ടി സമയം 8 മണിക്കൂർ ആയിട്ട് ക്രമീകരിച്ചിരിക്കുന്നതാണ്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഉള്ള മെഡിക്കൽ കോളേജ് ആശുപത്രികളിൽ 3 ഷിഫ്റ്റ് സമ്പ്രദായം ആണ് നിലവിൽ ഉള്ളത്. 7.30 മുതൽ 1.30 വരെ, 1.30 മുതൽ 7.30 വരെ, 7.30 മുതൽ 7.30 വരെ.<br><br>ഭാരതീയ ചികിത്സാ വകുപ്പിൽ മുപ്പതോ അതിലധികമോ കിടക്കകളുള്ള ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിലുള്ളത്. രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണിവരെയും, ഉച്ചക്ക് 1 മണി മുതൽ വൈകുന്നേരം 7 മണിവരെയും വൈകുന്നേരം 7 മണി മുതൽ രാവിലെ 7 മണിവരെയും.<br><br>ഹോമിയോപ്പതി വകുപ്പിലെ നഴ്സുമാർക്ക് 8 മണി മുതൽ വൈകിട്ട് 6 വരെയും, വൈകിട്ട് 6 മണി മുതൽ രാവിലെ 8 മണിവരെയുമുള്ള രണ്ട് ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിൽ ഉള്ളത്. |

| | | | |
|---|---|---|---|
| ബി) | ഹോമിയോ വിഭാഗത്തിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് രണ്ട് ഷിഫ്റ്റ് ആണോ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ; | ബി) | ഹോമിയോപ്പതി വകുപ്പിലെ നഴ്സുമാർക്ക് 8 മണി മുതൽ വൈകിട്ട് 6 വരെയും, വൈകിട്ട് 6 മണി മുതൽ രാവിലെ 8 മണിവരെയുമുള്ള രണ്ട് ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിൽ ഉള്ളത്. |
| സി) | ഇവർക്ക് ഏഴ് ദിവസം തുടർച്ചയായി രാത്രി ഡ്യൂട്ടി ചെയ്താൽ നൈറ്റ് ഓഫ് നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്; | സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മൂന്ന് ദിവസം ജോലി ചെയ്താൽ ഒരു നൈറ്റ് ഓഫ് കൊടുക്കാറുണ്ട്.<br>ഹോമിയോപ്പതി വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് വീക്കിലി ഓഫായി ആഴ്ചയിൽ ഒരു ദിവസമേ നൽകുവാൻ കഴിയുകയുള്ളൂ. |
| ഡി) | സംസ്ഥാനത്ത് അലോപ്പതി, ആയുർവ്വേദം വിഭാഗങ്ങളിലെ നഴ്സുമാർക്ക് മൂന്ന് ഷിഫ്റ്റും നൈറ്റ് ഡ്യൂട്ടി ഓഫും നൽകുന്നുണ്ടെങ്കിൽ ഹോമിയോ വിഭാഗത്തിലെ നഴ്സുമാർക്ക് ഈ പരിഗണന നൽകാത്തത് എന്തു കൊണ്ടാണ്; ഇവർക്കും ഈ പരിഗണന ലഭിക്കേണ്ടവരല്ലേ; ആണെങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | ഹോമിയോപ്പതി വകുപ്പിലെ നഴ്സുമാരുടെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം ആയുഷ് വകുപ്പ് പരിശോധിച്ചു വരുന്നു. |

Milan
സെക്ഷൻ ഓഫീസർ